വൈദ്യുതി മാറ്റ് സംസ്ഥാനങ്ങൾക്ക് വിൽക്കുന്നതിനുള്ള പദ്ധതി

10 [1999] ശ്രീ. വി. ജെ. പൗലോസ്:
,, എം. ഐ. പോൾസൺ മാസ്റ്റർ:
,, കെ. എ. ചന്ദ്രൻ:
,, കെ. മുഹമ്മദാലി:
പ്രൊഫസർ കെ. വി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി മാറ്റ് സംസ്ഥാനങ്ങളിൽ വിൽക്കുന്നതിനുള്ള പദ്ധതി സംസ്ഥാന വൈദ്യുതി ബോർഡ് ഗവൺമെന്റിനോ വൈദ്യുതി റഗുലേറ്ററി കമ്മീഷനോ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) മഴക്കാലത്ത് ചെറുകിട ഡാമുകളിലെ വെള്ളം ഇടുക്കി, ശബരിഗിരി മുതലായ ഡാമുകളിലേക്കൊഴുക്കുവാൻ എന്തെങ്കിലും ഏർപ്പാടുണ്ടാക്കുവാൻ പരിപാടിയുണ്ടോ;

(സി) എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന എൻ.ടി.പി.സി. കായംകുളം നിലയത്തിലെ കെ.എസ്.ഇ.ബി.-യുടെ വിഹിതമായ വൈദ്യുതിയിൽ 150 എം. ഡബ്ല്യു. വൈദ്യുതി എൻ.ടി.പി.സി. വിദ്യുത്വ്യാപാർ നിഗം ലിമിറ്റഡിലൂടെ മറ്റ് സംസ്ഥാനങ്ങൾക്ക് വിൽക്കുന്നതിന് ഒരു പദ്ധതി പ്രകാരം 2005 ജൂൺ 30 വരെ വൈദ്യുതി വിൽക്കുന്നതിനുള്ള അനുമതി സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷനും സർക്കാരും നൽകിയിട്ടുണ്ട്.

(ബി,സി) ഇടുക്കി പദ്ധതിയുടെ റിസർവോയറിലേക്ക് വടക്കേപ്പുഴ ഡൈവേർഷൻ വഴി 12 എം.യു. വൈദ്യുതി ഉൽപ്പാദിപ്പിക്കാനാവശ്യമായ ജലവും, വഴിക്കടവ് ഡൈവേർഷൻ വഴി 24 എം.യു. വൈദ്യുതി ഉൽപ്പാദിപ്പിക്കാനാവശ്യമായ ജലവും ഒഴുകിയെത്താനുള്ള പദ്ധതികൾ നിലവിലുണ്ട്.

ശബരിഗിരി പദ്ധതിയുടെ പ്രധാന റിസർവോയറായ പമ്പാ ഡാമിലേക്ക് 125 എം.യു. വൈദ്യുതി ഉൽപ്പാദിപ്പിക്കാനാവശ്യമായ ജലം, ശബരിഗിരി ഓഗ്മെന്റേഷൻ പദ്ധതി വഴി ഒഴുകിയെത്താനുള്ള ഒരു പദ്ധതി നിലവിലുണ്ട്.

വൈദ്യുത പദ്ധതികൾ സ്ഥാപിക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട്

11 [2000] ശ്രീ. ലൂഡി ലൂയിസ്:
,, കെ. സുധാകരൻ:
,, ജോർജ് ജെ. മാത്യു:
,, ജി. കാർത്തികേയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) അച്ചൻകോവിലാറിൽ അച്ചൻകോവിൽ, ചെളിക്കല്ലാർ, വക്കല്ലാർ എന്നിവിടങ്ങളിൽ ജലവൈദ്യുത പദ്ധതികൾ സ്ഥാപിക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറായിട്ടുണ്ടോ;

(ബി) ഇവിടെ അണകെട്ടുന്നതിന് ആവശ്യമായ ഉറപ്പുണ്ടോ എന്ന് അറിയുന്നതിനായി ജിയോളജിക്കൽ സർവ്വെ ഓഫ് ഇന്ത്യയുടെ ചെന്നൈ വിഭാഗം ഇവിടത്തെ കല്ലും മണ്ണും പരിശോധിച്ചിട്ടുണ്ടോ;

(സി) എങ്കിൽ എന്നാണ്;

(ഡി) അതിന്റെ പരിശോധന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം എന്താണ്;

(ഇ) ഈ പദ്ധതികൾക്ക് കേന്ദ്ര വനം വകുപ്പിന്റെയും പരിസ്ഥിതി വകുപ്പിന്റെയും അനുമതി എന്നത്തേക്ക് നേടാൻ കഴിയുമെന്ന് പറയുമോ?

ഉത്തരം

(എ) അച്ചൻകോവിൽ പദ്ധതിയുടെ കരട് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ചെളിക്കല്ലാർ (15 മെ. വാ.), വക്കല്ലാർ (20 മെ.വാ.) പദ്ധതികളുടെ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനാവശ്യമായ സർവ്വേ ജോലികൾ നടന്നുവരുന്നു.

(ബി) ഉണ്ട്.

(സി) അച്ചൻകോവിൽ പദ്ധതിക്ക് 2004 ഒക്ടോബറിലും 2005 ജനുവരിയിലും വിശദമായ ജിയോളജിക്കൽ പഠനം നടത്തിയിട്ടുണ്ട്. ചെളിക്കല്ലാർ പദ്ധതി പ്രദേശം ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ 2003 നവംബറിൽ പരിശോധിക്കുകയുണ്ടായി. വക്കല്ലാർ പദ്ധതി പ്രദേശം 2003 നവംബറിലും, 2004 ഒക്ടോബറിലും പരിശോധിക്കുകയുണ്ടായി. എന്നാൽ വന്യമൃഗങ്ങളുടെ ഭീഷണി കാരണം പരിശോധന പൂർത്തിയാക്കുവാൻ കഴിഞ്ഞിട്ടില്ല.

(ഡി) അച്ചൻകോവിൽ പദ്ധതി പ്രദേശത്തു നടത്തിയ പഠനത്തിന്റെ ഫീസിബിലിറ്റി റിപ്പോർട്ട് 2005 ജൂണിൽ ലഭിച്ചിട്ടുണ്ട്. ചെളിക്കല്ലാർ പദ്ധതിയുടെ ജിയോളജിക്കൽ പഠന റിപ്പോർട്ട് ലഭിക്കുവാനുണ്ട്. പദ്ധതിക്കുവേണ്ടി 17 ബോർ ഹോളിന്റെ ജിയോളജിക്കൽ പരിശോധന 2003 നവംബറിൽ നടന്നെങ്കിലും 3 ബോർ ഹോളുകൾകൂടി ആവശ്യമായി കണ്ടതിനാൽ അതു കുഴിക്കുകയും അതിന്റെ പരിശോധനയ്ക്കായി ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ഈ 3 ബോർ ഹോളുകൾ പരിശോധിക്കുന്നതിനും പരിശോധിച്ചതിന്റെ റിപ്പോർട്ട് കിട്ടുന്നതിനുള്ള താമസവുമാണ് കാലതാമസത്തിന് കാരണമായിട്ടുള്ളത്. വക്കല്ലാർ പദ്ധതി പ്രദേശത്ത് പഠനം പൂർത്തിയാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഇ) അച്ചൻകോവിൽ പദ്ധതിയുടെ ജിയോളജിക്കൽ റിപ്പോർട്ടിൽ ചില ഭേദഗതികൾ നിർദ്ദേശിച്ചിട്ടുണ്ട്, അതുകൂടി പരിശോധിച്ച് ആവശ്യമായ ഭേദഗതികൾ കരട് പ്രോജക്ട് റിപ്പോർട്ടിൽ വരുത്തിയതിനുശേഷം മാത്രമേ പരിസ്ഥിതി പഠനം നടത്തി കേന്ദ്ര വനം പരിസ്ഥിതി വകുപ്പിന്റെ അനുമതിക്കായി സമർപ്പിക്കാൻ കഴിയൂ. ചെളിക്കല്ലാർ, വക്കല്ലാർ എന്നീ പദ്ധതികളുടെ പ്രോജക്ട് റിപ്പോർട്ടുകൾ ലഭ്യമായതിനുശേഷം അനന്തര

LIBRARY ARCHIVES Kerala Legislative Assembly

നടപടികൾ പൂർത്തീകരിച്ചു മാത്രമേ കേന്ദ്ര വനം പരിസ്ഥിതി വകുപ്പിന്റെ അനുമതിക്കായി സമർപ്പിക്കാൻ കഴിയൂ.

വൈദ്യുതി ബോർഡിന്റെ നഷ്ടം

12 [2001] ശ്രീ. ജി. കാർത്തികേയൻ:
,, സി. പി. മുഹമ്മദ്:
,, വി. ഡി. സതീശൻ:
,, ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൈദ്യുതി ബോർഡിന്റെ നഷ്ടം കുറഞ്ഞു വരുന്നുണ്ടോ;

(ബി) ഇക്കഴിഞ്ഞ 3 വർഷങ്ങളിൽ ഓരോന്നിലും വൈദ്യുതി ബോർഡിന്റെ നഷ്ടം എത്ര വീതമായിരുന്നു;

(സി) വൈദ്യുതി ബോർഡിന്റെ നഷ്ടം എന്നത്തേക്ക് ഇല്ലാതാകുമെന്നാണ് പ്രതീക്ഷിക്കുന്നത്?

ഉത്തരം

(എ) ഉണ്ട്.

(ബി) 2002-03-ലെ ആഡിറ്റ് ചെയ്ത കണക്കുകൾ പ്രകാരം ബോർഡിന്റെ നഷ്ടം (റവന്യൂ ഡെഫിസിറ്റ്) 1015.57 കോടി രൂപയാണ്. 2003-04-ലെ താൽക്കാലിക കണക്കുകൾ പ്രകാരം ബോർഡിന്റെ റവന്യൂ ഡെഫിസിറ്റ് 1007.43 കോടി രൂപയായി കുറഞ്ഞു. 2004-05-ലെ താൽക്കാലിക കണക്കുകൾ പ്രകാരം ഉദ്ദേശം 350 കോടി രൂപയായി കുറയും എന്ന് കണക്കാക്കിയിട്ടുണ്ട്.

(സി) അടുത്ത രണ്ടു മൂന്നു വർഷങ്ങൾകൊണ്ട് നല്ല രീതിയിൽ പ്രവർത്തനം നടത്തുകയും മൺസൂൺ നല്ല രീതിയിൽ ലഭിക്കുകയും ചെയ്യുകയാണെങ്കിൽ നഷ്ടം ഇല്ലാതാക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

വൈദ്യുതി മോഷണം

13 [2002] ഡോക്ടർ എം. എ. കുട്ടപ്പൻ:
ശ്രീ. കെ. സി. ജോസഫ്:
,, എം. എം. ഹസ്സൻ:
പ്രൊഫസർ എ. ഡി. മുസ്തഫ:
ശ്രീ. വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു വർഷം ശരാശരി എന്ത് തുകയ്ക്കുള്ള വൈദ്യുതി മോഷണം ഉണ്ടാകുന്നതായാണ് കണക്കാക്കിയിട്ടുള്ളത്;

(ബി) ഇത് ഒരു വർഷം ഉണ്ടാകുന്ന ശരാശരി നഷ്ടത്തിന്റെ എത്ര ശതമാനമാണ്;

(സി) 25 ലക്ഷം രൂപയിൽ കൂടുതലുള്ള വൈദ്യുതി മോഷണം കണ്ടുപിടിച്ച എത്ര സംഭവങ്ങൾ ഇക്കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ ഉണ്ടായിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly